# KCBC MADHYAVIRUDHA SAMATHY
# P.O.C., Palarivattom, Kochi 682 025

പ്രസിദ്ധീകരണത്തിന് 22.03.2022

## മദ്യ വ്യാപന നയങ്ങൾ ജനദ്രോഹപരം:
## യൂഹാനോൻ മാർ തിയഡോഷ്യസ്

കൊച്ചി: സർക്കാരിന്റെ ജനദ്രോഹപരമായ മദ്യനയങ്ങൾ തിരുത്തണമെന്നും മദ്യ വ്യാപന നയങ്ങളിൽ നിന്നും സർക്കാർ പിൻവാങ്ങണമെന്നും കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ യൂഹാനോൻ മാർ തിയഡോഷ്യസ്. പാലാരിവട്ടം പിഒസിയിൽ ഡയറക്ടർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ മദ്യശാലകൾക്കുള്ള അനുമതിയും തൊഴിലിടങ്ങളെ  മദ്യവത്ക്കരിക്കാൻ പബുകൾ തുറക്കുന്ന അപകടകരമായ രീതിയും അധാർമ്മികവും, നിയമവിരുദ്ധവും ആണ്. മയക്കുമരുന്നിന്റെ കുത്തൊഴുക്ക് തടയാൻ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. പിടിച്ചെടുക്കുന്ന ലഹരിവസ്തുക്കളുടെ ഉറവിടത്തെകുറിച്ചും, പിടിച്ചെടുക്കുന്ന ലഹരിവസ്തുക്കൾ എന്തുചെയ്യുന്നു എന്നതിനെക്കുറിച്ചും ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ തയ്യാറാകണം. മദ്യപ്പുഴ ഒഴുക്കി നവകേരളം സൃഷ്ടിക്കാനുള്ള അഭിനവ നാവോത്ഥാന നായകന്മാരുടെ നീക്കങ്ങൾ അപഹാസ്യവും അപലപനീയവുമാണ്. മദ്യവർജ്ജന നയം പ്രസംഗങ്ങളിലും, പരസ്യങ്ങളിലും മാത്രമായിരിക്കുന്നു. പുതിയ തലമുറയെ മദ്യാസക്തരാക്കാൻ വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കാനുള്ള നീക്കങ്ങൾ മദ്യലോപികൾക്കുള്ള സർക്കാരിന്റെ സമ്മാനമാണ്. വീര്യംകുറഞ്ഞ ലഹരികൾ ക്രമേണ കുടുംബങ്ങളെ ഇല്ലായ്മ ചെയ്യുമെന്നും ഇത് മാനവനാശത്തിന്റെ സൂചനയാണെന്നും സമിതി വിലയിരുത്തി. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഫാദർ ജോൺ അരീക്കൽ അധ്യക്ഷനായിരുന്നു.  പ്രോഗ്രാം സെക്രട്ടറി ശ്രീ. സി. എക്സ്. ബോണി സ്വാഗതം പറഞ്ഞു. മേഖലാ ഡയറക്ടർമാരായ ഫാദർ ടി.ജെ ആൻറണി, ഫാദർ ദേവസി പന്തല്ലൂക്കാരൻ, ഫ. ആൻറണി അറക്കൽ, ഫാദർ ജോൺ വടക്കേക്കളം, ഫാദർ ചാക്കോ കുടിപ്പറമ്പിൽ, ഫാദർ ജേക്കബ് കപ്പലുമാക്കൽ,എന്നിവരും, സംസ്ഥാന സമിതി അംഗങ്ങളായ ശ്രീ. തോമസ് മണക്കുന്നേൽ, ശ്രീമതി ജെസ്സി ഷാജി, അന്തോണികുട്ടി എന്നിവരും പ്രസംഗിച്ചു.

ഫാദർ ജോൺ അരീക്കൽ
ജനറൽ സെക്രട്ടറി, കെസിബിസി മദ്യവിരുദ്ധ സമിതി
ഫോൺ: 9447022347

ഫോട്ടോ മാറ്റർ: കെസിബിസി മദ്യവിരുദ്ധ സമിതി ഡയറക്ടർമാരുടെ സമ്മേളനം ചെയർമാൻ ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ് ഉദ്ഘാടനം ചെയ്യുന്നു. ഫാദർ ജോൺ അരീക്കൽ, തോമസ് മണക്കുന്നേൽ, അന്തോണികുട്ടി, ജെസ്സി ഷാജി, എന്നിവർ സമീപം